# പതിനാലാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **2716** — **06/02/2018**-ലെ മറുപടി

## കേരള വാട്ടർ അതോറിറ്റിയിലെ സ്ഥലംമാറ്റ മാനദണ്ഡങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ജെയിംസ് മാത്യു | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച സ്ഥലംമാറ്റ മാനദണ്ഡങ്ങൾ നടപ്പാക്കണമെന്ന് കേരള വാട്ടർ അതോറിറ്റിക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) കേരള വാട്ടർ അതോറിറ്റിയിൽ സ്ഥലം മാറ്റ മാനദണ്ഡങ്ങൾ നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് നാളിതുവരെ സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ? | (ബി) 25/02/2017-ലെ സർക്കാർ ഉത്തരവിലെ നിർദ്ദേശ പ്രകാരം പൊതുസ്ഥലംമാറ്റ ഭേദഗതികൾ കേരള വാട്ടർ അതോറിറ്റിയിലെ അംഗീകൃത സർവ്വീസ് സംഘടനകളുമായി ചർച്ചചെയ്യുകയും ഡിവിഷൻ തലത്തിലുള്ള 70 ഓഫീസുകൾ വഴി കേരള വാട്ടർ അതോറിറ്റിയിലെ എല്ലാ ജീവനക്കാരുടേയും ഡാറ്റാ എൻട്രി നടത്തുന്നതിനായി ഓരോ ഓഫീസിലും ഓരോ നോഡൽ ഓഫീസർമാരെ തെരഞ്ഞെടുക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. ടി ഓഫീസർമാർക്ക് പരിശീലനം നൽകുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. കൂടാതെ, 2018-മുതൽ പൊതുസ്ഥലംമാറ്റ മാനദണ്ഡ പ്രകാരം അപേക്ഷകൾ സ്വീകരിക്കുന്നതി നായി ഒരു സർക്കുലറും അപേക്ഷയുടെ മാതൃകയും പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികളും കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു. |

Renuka Sankar
സെക്ഷൻ ഓഫീസർ

JSK/